Parish Bulletin. December 21, 2014, Vol. 10, Issue 14

# SACRED HEART KNANAYA CATHOLIC PARISH

611 Maple Street, Maywood, IL 60153
*www.knanayaregion.us/chicago * mutholath2000@gmail.com * 773-412-6254**



സെന്റ് വിൻസെന്റ് ഡി പോൾ സംഘടനയുടെ ഭാരവാഹികൾ.

താഴെ: ഗ്വഡലൂപ്പെ മാതാവിന്റെ തിരുനാൾ ആഘോഷം.






## പോളണ്ടിലേയ്ക്കൊരു തീർത്ഥാടനം

ഷിക്കാഗോ സേക്രഡ് ഹാർട്ട് ഇടവകയുടെ ആഭിമുഖ്യത്തിൽ വിശുദ്ധരായ ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെയും, കരുണക്കൊന്തയുടെ ഉടക്കം കുറിച്ച വിശുദ്ധ ഫോസ്റ്റീനയുടെയും, നാസിക്യാമ്പിൽ ഒരു കുടുംബനാഥന്റെ ജീവൻ രക്ഷിക്കാൻ സ്വയം രക്തസാക്ഷിയായ വിശുദ്ധ മാക്സ്മില്യൻ കോൾബെയുടെയും, വിശ്വപ്രസിദ്ധമായ ബ്ളാക്ക് മഡോണായുടെയും (കറുത്ത മാതാവിന്റെയും) നാട്ടിലേയ്ക്ക് ഈസ്റ്ററിന്റെ പിറ്റേന്നുമുതൽ (ഏപ്രിൽ 6 മുതൽ) ഒൻപതു ദിവസത്തേക്ക് തീർത്ഥാടനം നടത്തുന്നതാണ്. വിശദവിവരങ്ങൾക്ക് പിൽഗ്രിമേജ് കമ്മറ്റിക്കാരായ സണ്ണി ഇണ്ടിക്കുഴി (630) 674-7869, തമ്പി ചേമ്മാച്ചേൽ (630) 788-6486, ഗ്രേസി വാച്ചാച്ചിറ (847) 910-4621 എന്നിവരിൽ ആരെയെങ്കിലും സമീപിക്കുക. ആദ്യം അഡ്വാൻസ് കൊടുത്ത് രജിസ്റ്റർ ചെയ്യുന്ന 40 പേർക്കു മാത്രമായിരിക്കും ഇതിന് അവസരം ലഭിക്കുക. തീർത്ഥാടക സംഘത്തിന് വികാരി ഫാ. ഏബ്രഹാം മുത്തോലത്ത് നേതൃത്വം നല്കുന്നതാണ്.









## COMPUTER CLASS AT SACRED HEART

The computer class at Sacred Heart Parish will restart on Sunday, January 4, 2015. The classes will be on Sundays from 11:30 A.M. to 12:30 P.M. and will last for five Sundays. Teachers are: Binoy Kizhakanadiyil, Tijo Kammaparambil, Sunil Chackalackal, Jomon Chakariyamthadathil and Santhosh Kalarikkaparambil.

## നുറുങ്ങുവെട്ടം

പള്ളിയ്ക്കുവേണ്ടി സേവനം ചെയ്യുമ്പോൾ ദൈവത്തിൽനിന്നാണു പ്രതിഫലം. മറ്റുള്ളവയ്ക്കുവേണ്ടി ചെയ്യുമ്പോഴാകട്ടെ മനുഷ്യരാണു തരേണ്ടത്. അതു വിപരീതഫലമാകാം.



## READINGS & READERS

**മംഗലവാർത്തക്കാലം നാലാം ഞായർ / Fourth Sunday of Annunciation**

| DECEMBER 21 | READINGS | 10:00 AM | 11:30 AM |
|---|---|---|---|
| 1st Reading | 1 Samuel (1 സാമുവേൽ) 1: 1-18 | Xavier Madayanakavil | Arun Emmanuel |
| 2nd Reading | Ephesians (എഫേസിയൻസ്) 5: 5-21 | Seena Ellankiyil | Josephine Vachachira |
| Gospel | Mathew (മത്തായി) 1: 18-24 | God's Intervention in birth of Jesus. | |

**ക്രിസ്തുമസ് / Christmas Eve and Christmas Day**

| DEC. 24/25 | DEC 24, 7:00 PM | Readers | DEC 25, 10:00 AM | Readers |
|---|---|---|---|---|
| 1st Reading | Isaiah 7:10-16; 9:1-3, 6-7 | Tonny Pullapallil | Mich 4:1-3; 5:2-5, 8-9 | TBA |
| 2nd Reading | Mich 4:1-3; 5:2-5, 8-9 | Jasmine Muthukattil | Gal. 3:15-4:6 | Lizy Stephen |
| 3rd Reading | Gal. 3:15-4:6 | Nikhil C. Jacob | | |
| Gospel | Luke 2:1-10 | *The Birth of Jesus* | Luke 2:1-10 | *The Birth of Jesus* |

**വി. എസ്തപ്പാനോസ് / പിറവി ഒന്നാം ഞായർ**  **ഈശോയുടെ നാമകരണം / വർഷാവസാനം**

| DEC. 28/31 | DEC 28, 10:00 AM | Readers | DEC 31, 7:00 PM | Readers |
|---|---|---|---|---|
| 1st Reading | Gen 4:3-8 | Mercy Chemmalakuzhy | Gen 17:1-14 | Jessy Muthukattil |
| 2nd Reading | Act 6:8-10+7:54-59 | Ancy Idiyalil | Phil 2:5-11 | Naveen Kannothara |
| Gospel | Mt 10:16-22 | *Persecution* | Mt. 1:18-25 + Lk. 2: 21 | *He was named Jesus* |

### SUNDAY SNACK SPONSORS WELCOME

*ഇടവകയിലെ മിനിസ്ട്രികളുടെ ആഭിമുഖ്യത്തിൽ ഞായറാഴ്ചകളിൽ തിരുക്കർമ്മങ്ങൾക്കു ശേഷം ലഘു ഭക്ഷണം നേർച്ചയായി വിതരണം ചെയ്യുന്നതാണ്. $50 നല്കി സ്പോൺസർമാരാകുവാൻ ഏവരെയും സ്വാഗതം ചെയ്യുന്നു.*




| OFFERINGS | Dec. 14 |
|---|---|
| Holy Qurbana Collection | 1,183.00 |
| Guadalupe Shrine | 100.00 |
| St. Antony & St. Joseph Novena | 61.00 |
| Infant Jesus Feast Sponsor | 250.00 |
| Annual Contribution | 300.00 |
| Adoration Fund | 300.00 |
| **Total** | **2,194.00** |
| **AGAPE MOVEMENT** | |
| Agape Store Sacred Heart | 110.00 |
| St. Mary's Agape Store | 75.00 |
| Sponsor Seminarian | 250.00 |
| Manthra / Death Anniversary | 56.00 |
| Donation Box - 2 | 135.32 |
| **TOTAL AGAPE** | **626.32** |

### CHURCH SCHEDULE

**MONDAY - FRIDAY, DECEMBER 15 - 19, 2014**
Holy Mass at 7:00 PM
Novena of St. Anthony, Confession & Benediction on Tuesday
Novena of St. Joseph on Wednesday.
Confession and Adoration for children on Friday.

**SATURDAY, DECEMBER 20, 2014**
Holy Mass and Novena at 10:00 A.M.

**SUNDAY, DECEMBER 21, 2014**
Christmas Celebration of Religious Education School.
Malayalam Mass and Religious Education Class at 10:00 A.M.
Confession from 10:00 A.M. to 12:30 P.M.
English Mass and prayer group at 11:30 A.M.
Newly Constituted Parish Council at 11:30 A.M.

**MONDAY - TUESDAY, DECEMBER 22 - 23, 2014**
Holy Mass at 7:00 PM
Novena of St. Anthony, Confession & Benediction on Tuesday.

**WEDNESDAY, DECEMBER 24, 2014 CHRISTMAS EVE**
Christmas Solemn Mass 7:00 P.M. followed by refreshments and entertainments in the parish hall.

**THURSDAY, DECEMBER 25, 2014 CHRISTMAS DAY**
Holy Mass 10:00 A.M. No evening Mass today.

**FRIDAY, DECEMBER 26, 2014**
Holy Mass 7:00 P.M.

**SATURDAY, DECEMBER 20, 2014**
Holy Mass and Novena at 10:00 A.M.

# KNANAYA CATHOLIC PARISHES, CHICAGO

**SACRED HEART KNANYA CATHOLIC PARISH**
611 Maple St., Maywood, IL 60153
**ST. MARY'S KNANAYA CATHOLIC PARISH**
7800 W. Lyons, Morton Grove, IL. 60053
www.knanayaregion.us/chicago


ഡിസംബർ 12, 2014

പ്രിയ ക്നാനായ സഹോദരങ്ങളേ,

ആസന്നമാകുന്ന ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങളും പ്രാർത്ഥനയും നേരുന്നു. നമ്മുടെ പാപമോചനത്തിനുവേണ്ടി നമ്മിലൊരുവനായി പിറന്ന ഈശോയുടെ അനുഗ്രഹം പ്രാപിക്കുന്നതിനുള്ള ക്രിസ്തുമസിന്റെ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുവാൻ നിങ്ങളെ സ്നേഹപൂർവ്വം ക്ഷണിക്കുന്നു. നമ്മുടെ രണ്ടു പള്ളിയിലെയും ക്രിസ്തുമസിന്റെ തിരുക്കർമ്മങ്ങൾ ഡിസംബർ 24 ബുധനാഴ്ച രാത്രി 7:00ന് ആരംഭിക്കും.

സേക്രഡ് ഹാർട്ട് സെന്റ് മേരീസ് പള്ളികളിലെ ക്രിസ്തുമസ്, വർഷാവസാനം, വർഷാരംഭം എന്നീ ദിനങ്ങളിലെ തിരുക്കർമ്മങ്ങളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു. ഈ തിരുക്കർമ്മങ്ങളിൽ പങ്കെടുത്ത് ദൈവാനുഗ്രഹം പ്രാപിക്കുവാൻ ഏവരെയും ക്ഷണിക്കുന്നു.

നമ്മുടെ രണ്ടു പള്ളികൾക്കും നിങ്ങൾ നല്കിവരുന്ന എല്ലാ സഹകരണത്തിനും നന്ദിയർപ്പിക്കുന്നു. അനവധിപേരുടെ സന്നദ്ധസേവനവും സാമ്പത്തിക സഹകരണവും, സർവ്വോപരി പ്രാർത്ഥനയുമാണ് നമ്മുടെ ഇടവകകളുടെ ശക്തി. തുടർന്നും അവ നിർലോഭം പ്രതീക്ഷിക്കുന്നു. ഈ വർഷത്തെ വാർഷിക സംഭാവന തന്നു തീർക്കാത്തവർ ക്രിസ്തുമസോടുകൂടി തരണമെന്ന് അപേക്ഷിക്കുന്നു. നമ്മുടെ അജപാലന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാനുള്ള നിങ്ങളുടെ അഭിപ്രായങ്ങളും സ്വാഗതം ചെയ്യുന്നു.

ഒത്തിരി സ്നേഹത്തോടെ,

ഫാ. തോമസ് മുളവനാൽ

ഫാ. ഏബ്രഹാം മുത്തോലത്ത്

ഫാ. സുനി പടിഞ്ഞാറേക്കര

## CHRISTMAS & NEW YEAR SCHEDULE

**Wednesday, December 24**

Christmas Mass at both churches at 7:00 P.M.
Entertainments in the hall after Mass at Maywood.

**Thursday, December 25th**

Holy Mass at both Churches at 10:00 A.M.

**Wednesday, December 31st**

Holy Mass with Year-end Prayer Service and Adoration at St. Mary's at 7:00 P.M.
Holy Mass with Feast of Infant Jesus followed by Adoration and Year-end Prayer Service at Sacred Heart, Maywood at 7:00 P.M.

**Thursday, January 1st, 2015**

Holy Mass with New Year Prayer Service at both churches at 10:00 A.M.

## ക്രിസ്തുമസ് നവവത്സര പ്രോഗ്രാമുകൾ

**ഡിസംബർ 24, ബുധൻ**

രണ്ടു പള്ളികളിലും ക്രിസ്തുമസ് കുർബാന രാത്രി 7:00ന് സേക്രഡ് ഹാർട്ടിൽ തുടർന്ന് സ്നേഹവിരുന്നും കലാപരിപാടികളും.

**ഡിസംബർ 25, വ്യാഴം**

രണ്ടു പള്ളികളിലും രാവിലെ 10:00ന് ദിവ്യബലി

**ഡിസംബർ 31, ബുധൻ**

**സെന്റ് മേരീസിൽ** വർഷാവസാന പ്രാർത്ഥനയോടു കൂടിയ ദിവ്യബലിയും ആരാധനയും രാത്രി 7:00ന്.
**സേക്രഡ് ഹാർട്ടിൽ** ഉണ്ണിമിശിഹായുടെ തിരുനാളോടുകൂടിയ കുർബാനയും വർഷാവസാന പ്രാർത്ഥനയോടുകൂടിയ ആരാധനയും രാത്രി 7:00ന്.

**ജനുവരി 1, 2015 വ്യാഴം**

രണ്ടു പള്ളികളിലും രാവിലെ 10:00ന് വർഷാരംഭ പ്രാർത്ഥനയോടുകൂടിയ ദിവ്യബലി.

ഇടയലേഖനം
No. 21/2014

# കുടുംബ-സമർപ്പിത വർഷാചരണം

പരിശുദ്ധാത്മശക്തിയാൽ പരിശുദ്ധ കന്യകാമറിയത്തിൽനിന്നും ജനിച്ച ദൈവപുത്രനെ സ്വീകരിക്കാൻ നാം ഒരുങ്ങുകയാണല്ലോ. ക്രിസ്തുമസ്സ് സ്നേഹത്തിന്റെയും, സമാധാനത്തിന്റെയും പ്രത്യാശയുടെയും തിരുന്നാളാണ്. ഉണ്ണിമിശിഹായുടെ തിരുപ്പിറവി നൽകുന്ന അനുഗ്രഹങ്ങൾ പ്രാപിക്കാൻ നമ്മെയും കുടുംബങ്ങളെയും സജ്ജമാക്കാം. എല്ലായിടത്തും സന്തോഷത്തിന്റെയും സമാധാനത്തിന്റെയും പ്രത്യാശയുടെയും സന്ദേശവാഹകരാകാനുള്ള ദൈവകൃപയ്ക്കായി നമുക്കു പ്രാർത്ഥിക്കാം. അസ്സീസ്സിയിലെ വിശുദ്ധ ഫ്രാൻസിസിനോടു ചേർന്ന്, ഈ ക്രിസ്തുമസ്സ് വേളയിൽ ദൈവത്തോട് നമുക്ക് ആത്മാർത്ഥമായി അപേക്ഷിക്കാം.

'കർത്താവേ, എന്നെ അങ്ങയുടെ സമാധാനത്തിന്റെ
ഒരുപകരണമാക്കണമെ.
വിദ്വേഷമുള്ളിടത്ത് സ്നേഹവും
ദ്രോഹമുള്ളിടത്ത് ക്ഷമയും
സന്ദേഹമുള്ളിടത്ത് വിശ്വാസവും
നിരാശയുള്ളിടത്ത് പ്രത്യാശയും
അന്ധകാരമുള്ളിടത്ത് പ്രകാശവും
സന്താപമുള്ളിടത്ത് സന്തോഷവും ഞാൻ വിതയ്ക്കട്ടെ.'

മനുഷ്യരുടെ ഇടയിലുള്ള ദൈവസാന്നിധ്യത്തിന്റെ ആഘോഷമാണ് ക്രിസ്തുമസ്സ്. മനുഷ്യരോടൊത്ത് വസിക്കാനായി ദൈവം സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വരുന്നു. പൂർവ്വ പിതാവായ അബ്രാഹത്തോട് ദൈവം അരുളിചെയ്തു: "സർവ്വശക്തനായ ദൈവമാണ് ഞാൻ; എന്റെ മുമ്പിൽ വ്യാപരിക്കുക; കുറ്റമറ്റവനായി വർത്തിക്കുക" (ഉൽപ 17,1). ദൈവസാന്നിധ്യത്തിൽ ജീവിക്കുക എന്നതാണ് ഓരോ മനുഷ്യന്റെയും പ്രഥമവും പ്രധാനവുമായ കടമ. ഈ ക്രിസ്തുമസ്സ് കാലത്ത് നമുക്ക് നമ്മുടെ ജീവിതത്തിന്റെ വ്യത്യസ്തങ്ങളായ കർമ്മവേദികളിൽ ദൈവസാന്നിധ്യം ഉറപ്പുവരുത്തുകയും, ആ സാന്നിധ്യത്തോട് ക്രിയാത്മകമായി പ്രതികരിക്കുകയും ചെയ്യാം.

ദൈവം മെനഞ്ഞെടുത്ത ഭൂമിയിലെ സ്വർഗ്ഗമാണ് കുടുംബം. ദൈവസാന്നിധ്യം നിറഞ്ഞുനിൽക്കുന്ന പറുദീസ ആയിരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ദൈവം ആദ്യ കുടുംബബത്തിന് രൂപം നൽകിയത്. ദൈവസാന്നിധ്യത്തിന്റെ അടയാളമായ പറുദീസയിൽ ആയിരുന്നുകൊണ്ട് തന്റെ ജീവിതത്തിലും ദൗത്യത്തിലും ആദ്യദമ്പതികൾ പങ്കുകാരാകണമെന്ന് ദൈവം ആഗ്രഹിച്ചു. ഇതുതന്നെയാണ് ഓരോ കുടുംബത്തെയും സംബന്ധിച്ചുള്ള ദൈവിക പദ്ധതി.

ഏദേൻ തോട്ടത്തിൽ ആദിമാതാപിതാക്കന്മാരുടെ സൗഭാഗ്യപൂർണ്ണമായ ജീവിതത്തെ നശിപ്പിച്ച പൈശാചിക ശക്തി, നമ്മുടെ കുടുംബങ്ങളെ ദൈവത്തിൽ നിന്നും അകറ്റാനായി സദാ പരിശ്രമിക്കുന്നു. ദൈവിക സംവിധാനങ്ങൾക്കും, ക്രിസ്തുവിന്റെ തുടർച്ചയായ സഭയുടെ പ്രബോധനങ്ങൾക്കും അനുസരിച്ച് കുടുംബജീവിതത്തിന്റെ ഉത്തരവാദിത്വങ്ങൾ നിർവഹിക്കുന്നതിൽ ഇന്ന് ക്രൈസ്തവ കുടുംബങ്ങൾ കടുത്ത വെല്ലുവിളികളും പരീക്ഷണങ്ങളും നേരിടുന്നു. സത്യത്തിന്റെ വസ്തുനിഷ്ഠതയെ നിരാകരിച്ചുകൊണ്ട്, വ്യക്തിപരമായ അഭിപ്രായങ്ങളെ ആവശ്യാനുസരണം വ്യാഖ്യാനങ്ങൾക്ക് വിധേയമാക്കുന്ന, ആധുനിക മനുഷ്യന്റെ മുഖമുദ്രയായ ആപേക്ഷിക സിദ്ധാന്തത്തിന്റെ അതിപ്രസരണവും, സാമൂഹിക-സാംസ്ക്കാരിക മണ്ഡലങ്ങളിലും, രാഷ്ട്രീയ-സാമ്പത്തിക മേഖലകളിലും സമ്പർക്ക-മാധ്യമ രംഗങ്ങളിലും കാണുന്ന അപകടകരമായ പ്രവണതകളും കുടുംബജീവിതത്തിന് വർദ്ധിച്ച വെല്ലുവിളികളുയർത്തുന്നു. ആപേക്ഷിക സിദ്ധാന്തത്തിന്റെ അതിപ്രസരണം വ്യക്തികളെ സഭയിൽനിന്നും അകറ്റുന്നതോടൊപ്പം, ധാർമ്മിക അധഃപതനത്തിലേക്കും, ദൈവവും സഹോദരങ്ങളുമായുള്ള ബന്ധങ്ങളുടെ തകർച്ചയിലേക്കും കുടുംബബന്ധങ്ങളുടെ ശിഥിലീകരണത്തിലേക്കും നയിക്കുന്നു; മൂല്യശോഷണത്തിനും വിശ്വാസതകർച്ചയ്ക്കും കാരണമാക്കുന്നു.

ആധുനികലോകത്ത് കുടുംബങ്ങൾ നേരിടുന്ന പ്രതിസന്ധികളെ കുറിച്ച് സഭ തികച്ചും ബോധവതിയാണ് എന്നതിന്റെ വ്യക്തമായ അടയാളമാണ് 'സുവിശേഷവത്കരണത്തിന്റെ പശ്ചാത്തലത്തിൽ കുടുംബങ്ങൾ നേരിടുന്ന അജപാലനപരമായ വെല്ലുവിളികൾ' എന്ന വിഷയത്തെക്കുറിച്ച് പഠിക്കാനായി 2014 ഒക്ടോബർ 5 മുതൽ 19 വരെ തീയതികളിൽ റോമിൽ വച്ച് നടന്ന മെത്രാന്മാരുടെ സിനഡ്. കുടുംബം നേരിടുന്ന വെല്ലുവിളികളുടെ പശ്ചാത്തലത്തിൽ, കുടുംബങ്ങളുടെ അജപാലന ശുശ്രൂഷയ്ക്ക് മുന്തിയ പരിഗണന നൽകുക എന്നത് സഭയുടെ പ്രധാനപ്പെട്ട ഉത്തരവാദിത്വമാണ്. കുടുംബജീവിതത്തിന്റെ അജപാലനപരമായ ആവശ്യങ്ങൾ നിറവേറ്റുക എന്നത് ഇടവകസമൂഹത്തിന്റെ മുഖ്യമായ കടമയാണ്.

നമ്മുടെ രൂപതയിലെ കുടുംബങ്ങളുടെ മാനസികവും-സാമൂഹികവും-ആത്മീയവുമായ ശാക്തീകരണത്തിന് സഹായകമാകുന്ന അജപാലനപ്രവർത്തനങ്ങൾക്ക് ഇടവക/മിഷൻ തലത്തിൽ കൂടുതൽ ഏകീകരണവും പ്രോത്സാഹനവും നൽകുന്നതിനായി രൂപതാതലത്തിൽ ഫാമിലി അപ്പോസ്റ്റലേറ്റിന് രൂപം നൽകിയതായി ഈ അവസരത്തിൽ ഞാൻ നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തുകയാണ്. അതോടൊപ്പംതന്നെ, ഈ വർഷത്തെ പാസ്റ്ററൽ കൗൺസിൽ സമ്മേളനത്തിലും, വൈദിക കൂട്ടായ്മയിലും ചർച്ച ചെയ്ത് തീരുമാനിച്ചതനുസരിച്ച് 2014 ഡിസംബർ 25-ാം തീയതി മുതൽ 2015 ഡിസംബർ 25-ാം തീയതി വരെ നമ്മുടെ രൂപതയിൽ കുടുംബവർഷമായി ആചരിക്കുന്ന

താണെന്ന് ഏവരെയും അറിയിക്കുന്നു. "നിങ്ങൾ ദൈവത്തിന്റെ വയലും വീടും ആകുന്നു" (1 കൊറി 3,9) എന്ന തിരുവചനമാണ് കുടുംബവർഷാചരണത്തിന്റെ ലക്ഷ്യമായി സ്വീകരിച്ചിരിക്കുന്നത്. കുടുംബവർഷാചരണത്തിന്റെ ഔദ്യോഗികമായ ഉദ്ഘാടനം നമ്മുടെ എല്ലാ ഇടവകകളിലും മിഷനുകളിലും 2014 ഡിസംബർ 25-ാം തീയതി വിശുദ്ധ കുർബാന മധ്യേ നടത്തേണ്ടതാണ്. കുടുംബവർഷാചരണത്തോടനുബന്ധിച്ച് നമ്മുടെ രൂപതയിലെ ഇടവകകളിലും മിഷനുകളിലും നടപ്പിൽ വരുത്താനായി രൂപതാ കേന്ദ്രത്തിൽ നിന്നും നൽകപ്പെടുന്ന നിർദ്ദേശങ്ങളോട് ബഹുമാനപ്പെട്ട വൈദികരും അല്മായ സഹോദരങ്ങളും സർവ്വാത്മനാ സഹകരിക്കണമെന്ന് താല്പര്യപ്പെടുന്നു.

നമ്മുടെ രൂപതയിൽ ആചരിക്കപ്പെടുന്ന കുടുംബവർഷത്തിന്റെ അവസരത്തിൽ തന്നെ എട്ടാമത് ലോകകുടുംബസമ്മേളനം ഫിലാഡെൽഫിയയിൽ വച്ച് 2015 സെപ്റ്റംബർ 22 മുതൽ 27 വരെ തീയതികളിൽ നടത്തപ്പെടുന്നു എന്നതും തികച്ചും സന്തോഷകരമായ വസ്തുതയാണ്. "സ്നേഹം നമ്മുടെ ദൗത്യം, പൂർണ്ണതയിൽ ജീവിക്കുന്ന കുടുംബം" എന്നതാണ് ഈ കുടുംബസമ്മേളനത്തിന്റെ മുഖ്യ പ്രമേയം. സാർവ്വത്രിക സഭയോട് ചേർന്ന് നിന്നുകൊണ്ട്, നമ്മുടെ കുടുംബങ്ങളെ സ്നേഹത്തിന്റെ പൂർണ്ണത ജീവിക്കുന്ന ഭവനങ്ങളാക്കി രൂപപ്പെടുത്താം. മനുഷ്യാവതാരത്തിലൂടെ കുടുംബത്തിൽ ജനിക്കുകയും അതിന്റെ കേന്ദ്രമായി മാറുകയും ചെയ്ത ദൈവപുത്രന്റെ ദിവ്യമായ സാന്നിധ്യവും അനുഗ്രഹവും നമ്മുടെ രൂപതയിലെ എല്ലാ കുടുംബങ്ങളിലും സമൃദ്ധിയിൽ ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. നസ്രത്തിലെ തിരുക്കുടുംബത്തിന്റെ മഹനീയ മാതൃകയിൽ ഉത്തമമായ കുടുംബജീവിതം നയിക്കാനും ദൈവം ഭരമേൽപ്പിക്കുന്ന ഉത്തരവാദിത്വങ്ങൾ യഥാവിധി നിർവ്വഹിക്കാനും മാതാപിതാക്കന്മാരെയും മക്കളെയും ഞാൻ ഉദ്ബോധിപ്പിക്കുന്നു.

സാർവ്വത്രിക സഭ 2014 നവംബർ 30 മുതൽ 2016 ഫെബ്രുവരി 2-ാം തീയതി വരെ സമർപ്പിത വർഷമായി ആചരിക്കുകയാണല്ലോ. "സമർപ്പിതർക്ക് ഓർമ്മിക്കാനും മറ്റുള്ളവരെ ഓർമ്മിപ്പിക്കാനുമായി സമ്പന്നവും മഹത്തരവുമായ ഒരു ചരിത്രത്തോടൊപ്പം, ഇനിയും പൂർത്തീകരിക്കേണ്ട വലിയ ദൗത്യവുമുണ്ട്. ഭാവിയിലേക്ക് നോക്കുക! ദൈവത്തിന്റെ ആത്മാവ് വലിയ കാര്യങ്ങൾക്കായി നിങ്ങളെ അയയ്ക്കുന്നു" (സമർപ്പിത ജീവിതം ചീ. 110). അർത്ഥസമ്പുഷ്ടമായ ഈ വാക്കുകളാണ് സമർപ്പിതവർഷാചരണത്തിന്റെ ലക്ഷ്യമായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ നൽകിയിരിക്കുന്നത്. നന്ദിയോടുകൂടി സമർപ്പിതജീവിതത്തിന്റെ ഇന്നലകളിലേക്ക് നോക്കുക, ആവേശത്തോടെ ഇന്നത്തെ ലോകത്ത് ആ ജീവിതശൈലി ജീവിക്കുക; തികഞ്ഞ പ്രത്യാശയോടെ ഭാവിയെ ആശ്ലേഷിക്കുക. ഈ മൂന്നു കാര്യങ്ങൾക്കാണ് സമർപ്പിത വർഷാചരണം ഊന്നൽ നൽകുന്നത്.

ദൈവം സഭയ്ക്ക് നൽകിയിരിക്കുന്ന വിലപ്പെട്ട ദാനമാണ് സമർപ്പിത ജീവിതം. അത് സഭയുടെ ഹൃദയസ്ഥാനത്ത് നിലകൊള്ളുകയും അവളുടെ ദൗത്യനിർവ്വഹണത്തിൽ നിർണ്ണായക പങ്കുവഹിക്കുകയും ചെയ്യുന്നു. സമർപ്പിതരുടെ ജീവിതത്തിലൂടെ ദൈവം നമുക്ക് നൽകിയിരിക്കുന്ന നിരവധിയായ അനുഗ്രഹങ്ങൾക്ക് നന്ദി പ്രകാശിപ്പിക്കുന്നതോടൊപ്പം, ഈ ജീവിത ശൈലിയിലേക്ക് കൂടുതൽ ദൈവവിളികൾ ഉണ്ടാകുന്നതിനായി പ്രാർത്ഥിക്കുകയും ചെയ്യാം. ഉത്തമമായ സമർപ്പിതജീവിതം നയിച്ച വിശുദ്ധ ചാവറയച്ചനെയും എവുപ്രാസിയാമ്മയെയും വിശുദ്ധിയുടെ ഉന്നതിയിലേക്ക് ഉയർത്തിയ ദൈവത്തിന് നമുക്ക് കൃതജ്ഞത അർപ്പിക്കുകയും, അനുദിന ജീവിതത്തിൽ അവരുടെ മഹനീയ മാതൃക അനുകരിക്കാൻ പരിശ്രമിക്കുകയും ചെയ്യാം.

സമർപ്പിതജീവിതം നയിക്കുന്നവരുടെ മാത്രമല്ല, മാമ്മോദീസ സ്വീകരിച്ച എല്ലാ വ്യക്തികളുടെയും ജീവിതം മനുഷ്യനായി അവതരിച്ച ദൈവവചനത്താൽ പ്രശോഭിതമാകണം. വചനം മാംസരൂപം ധരിച്ച ഈശോമിശിഹായുടെ സാന്നിധ്യം, വെല്ലുവിളികളുടെയും പ്രതിസന്ധികളുടെയും നടുവിലൂടെ കടന്നുപോകുന്ന നമ്മുടെ ജീവിതത്തിന് പ്രതീക്ഷയും ആത്മീയ കാഴ്ചപ്പാടുകളും നൽകും. ഇല്ലായ്മകളുടെയും വേദനകളുടെയും മധ്യേ പുൽക്കൂട്ടിൽ പിറന്ന ദൈവപുത്രൻ സമർപ്പിതർക്കും കുടുംബജീവിതം നയിക്കുന്നവർക്കും നൽകുന്ന സന്ദേശം ഇതാണ്.

നിങ്ങൾക്കെല്ലാവർക്കും ക്രിസ്തുമസ്സ് - നവവത്സരാശംസകൾ നേരുന്നു. മനുഷ്യനായി അവതരിച്ച ദൈവപുത്രന്റെ കൃപയും സാന്നിധ്യവും നിങ്ങളോടുകൂടി എപ്പോഴും ഉണ്ടായിരിക്കട്ടെ.

സ്നേഹപൂർവ്വം

+ Jacob J Angadiath

**മാർ ജേക്കബ് അങ്ങാടിയത്ത്**

ഷിക്കാഗോ സീറോ - മലബാർ രൂപതയുടെ അദ്ധ്യക്ഷൻ

ST. THOMAS SYRO-MALABAR CATHOLIC DIOCESE OF CHICAGO
* CHANCERY OFFICE *

N.B: ഈ ഇടയലേഖനം ഡിസംബർ 14 - ാം തീയതി ഞായറാഴ്ച നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും മിഷനുകളിലും കുർബാനമധ്യേ വായിക്കേണ്ടതാണ്.

St. Thomas Syro-Malabar Catholic Diocese of Chicago

Mar Jacob Angadiath
*Bishop*
*Permanent Apostolic Visitator to Canada*

372 S. Prairie Avenue
Elmhurst, Illinois 60126-4020
Phone: 630-279-1383, 630-279-1386
Fax: 630-279-1479
Email: bishop@syromail.com
www.stthomasdiocese.org

Pastoral Letter 22/2014 December 09, 2014

# Year of Family & of Consecrated Life

By the grace of God, Mar Jacob Angadiath, Bishop of St. Thomas Syro-Malabar Catholic Diocese of Chicago and Permanent Apostolic Visitator to Canada, send this greeting and message to all the priests, men and women religious and my beloved people of God, living in USA and Canada.

Dear Brothers and Sisters in the Lord,

**"Glory to God in the Highest", Amen.**

We are in the preparation for welcoming Son of God who was born of Blessed Virgin Mary by the power of the Holy Spirit. Christmas celebrates God's love, peace and hope to humankind. Let us prepare ourselves to enjoy the blessings of Christmas in our individual and family life and ask the divine grace to be the heralds of the message of joy, peace and hope everywhere. During this Christmas season let us make an ardent prayer to the Lord together with St. Francis of Assisi:

> "Lord, make me an instrument of Your Peace. Where there is hatred, let me sow love; Where there is injury, pardon; Where there is doubt, faith; Where there is despair, hope; Where there is darkness, light; Where there is sadness, joy".

Christmas is the celebration of God's presence in the midst of human beings. God descends from heaven to make His abode with us. The Lord said unto Abraham: "I am the Almighty God: walk before me, and be perfect" (Gen 17,1). To walk before God or to be in his presence is the fundamental responsibility of all human beings. During this Christmas, let us make sure God's loving presence in our life situations and respond to that presence positively in all possible ways.

God wishes family to be the heaven on earth. He gave form to the first family with the intension of making it a paradise/heaven. He wished the primordial couple to be in His presence and to participate in His life and mission. This is the dream of God about each and every family.

The power of Evil who destroyed the first parents' life in the Garden of Eden, continues his strong influence to turn away our families from God. Our families confront lot of struggles and problems in fulfilling their responsibilities according to the teachings of the Church, especially in the present society which is characterized by the dictatorship of relativism and other dangers in the social, cultural, scientific, political, economic, and communication spheres. Relativism makes people to stay away from the Church, leading them to an immoral life and a broken relationship with God and fellow beings. It destructs family bonds and leads to the loss of values and lack of faith within the family.

Bishops' special Synod, held in Rome from October 5-19, 2014 was discussing "the Pastoral Challenges to the Family in the Context of Evangelization". In the presence of various challenges to family, it is the fundamental duty of the Church to provide better pastoral care to our families. It is the responsibility of the parish community to cater the various pastoral needs of the family life. In view of giving better co-ordination and animation to the various programs for the psycho-social and spiritual empowerment of the families at the parish and mission levels a Diocesan Family Apostolate is established.

As per the discussions held in the last meeting of Diocesan Pastoral Council and Priest Conference, hereby I announce a "Year of Family" from December 25, 2014 to December 25, 2015 to be observed in our diocese. "You are God's field, God's Household" (I Cor 3,9). Let this be our motto for this family year. The official inauguration of this Family Year is to be done in our parishes and missions on December 25, 2014 during the celebration of Holy Qurbana. Rev. Fathers are requested to follow the pastoral recommendations for the Family Year at the parish and mission level given from the diocesan center.

It is also a matter of great joy that 'Eighth World Meeting of Families' takes place in Philadelphia (September 22-27, 2015) during the observance of Family Year in our diocese. The theme for this family meet is: "Love is our Mission: the Family Fully Alive". Together with the universal Church, let us try our best to make our families fully alive in love. May the Baby Jesus who became the center of family through his Incarnation shower His abundant graces on our families.

Let the Holy Family of Nazareth be the right model to our families in accomplishing the responsibilities entrusted by God.

The universal Church observes a Year of Consecrated Life from November 30, 2014 to February 02, 2016. The aim of this year is taken from the Post-Synodal Apostolic Exhortation *Vita Consecrata*: "You have not only a glorious history to remember and to recount, but also a great history still to be accomplished! Look to the future, where the Spirit is sending you in order to do even greater things" (No. 110). The three focuses of the Year of the Consecrated are: 1) look to the past with gratitude, 2) live the present with passion, 3) embrace the future with hope.

The consecrated life is a gift to the Church. It is at the heart of the Church, a decisive element of her mission. Let us thank God for the wonderful blessings, received through the life of consecrated persons and pray for more vocations to consecrated life. In a special way let us raise our hearts to Almighty God in gratitude for raising two consecrated persons from our Syro-Malabar Church, St. Chavara Kuriakose and St. Euphrasia, to the zenith of holiness. Let us translate their life in the imitation of Christ in our day to day life.

The life of baptized persons who lead a consecrated life or family life should be inspired by the Word of God that became flesh in the person of Jesus Christ. He is the prophet whose presence gives us hope and vision to lead our life with great joy and confidence in the midst of the difficulties of life. This is the message of Christmas.

Wish you all a Merry Christmas and Blessed New Year. May the grace of Baby Jesus be with you always.

Mar Jacob Angadiath
Bishop of St. Thomas Syro-Malabar Catholic Diocese of Chicago

**NB: This pastoral letter is to be read publically in our parishes and missions during the celebration of all Holy Qurbana on December 14, 2014.**